| | | |
|---|---|---|
| (i) | 25 ലക്ഷം രൂപവരെ | ഭരണാനുമതി നൽകിയ തീയതി മുതൽ 6 മാസം വരെ |
| (ii) | 25 ലക്ഷം രൂപ മുതൽ 50 ലക്ഷം രൂപ വരെ | ഭരണാനുമതി നൽകിയ തീയതി മുതൽ 9 മാസം വരെ |
| (iii) | 50 ലക്ഷം രൂപ മുതൽ 75 ലക്ഷം രൂപ വരെ | ഭരണാനുമതി നൽകിയ തീയതി മുതൽ 12 മാസം വരെ |

(ബി&സി) റോഡിന്റെയും മറ്റും കാര്യത്തിൽ നിശ്ചിത പരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യമുണ്ടെന്നും പ്രതികൂല കാലാവസ്ഥ, സൈറ്റ് കണ്ടീഷൻ മറ്റ് അപ്രതീക്ഷിത സാഹചര്യങ്ങൾ എന്നിവമൂലം സമയ പരിധിക്കകം പൂർത്തീകരിക്കാൻ കഴിയാതെ വരുന്ന പ്രവൃത്തികൾക്ക് സമയപരിധി ദീർഘിപ്പിച്ച് നൽകാറുള്ളതായി വിവിധ ജില്ലാ കളക്ടർമാർ അറിയിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് ആവശ്യമായ നിർദ്ദേശം എല്ലാ ജില്ലാകളക്ടർമാർക്കും നൽകുന്നതാണ്.

**ചേർത്തല മുഹമ്മ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്**

128 (2366) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എൻജിനീയറുടെ ഓഫീസിൽ നിന്നും 18-3-2014-ൽ FB4/1747/എ 4 നമ്പരായി ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് അയച്ച കത്ത് സെക്രട്ടേറിയറ്റിൽ ലഭിച്ചത് എന്നാണ്; മണ്ഡലം ആസ്തി വികസന ഫണ്ടിൽപ്പെടുത്തി 2013-ൽ ഭരണാനുമതി ലഭിച്ചതും സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ ചുമതലയിൽ ചേർത്തല മുഹമ്മ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മിക്കുന്നതിനുവേണ്ടിയുള്ള ഉത്തരവനുസരിച്ച് പൊതുമരാമത്തിന്റെ ശീർഷകത്തിലെ തുക മാറി നിർമ്മിതി കേന്ദ്രത്തിന് കൈമാറുന്നതിനുള്ള സാങ്കേതികമായ തടസ്സം പരിഹരിക്കാൻ ഉത്തരവ് നൽകാനുള്ള പ്രസ്തുത കത്തിന് ധനകാര്യ വകുപ്പിൽ നിന്നും മറുപടി നൽകിയോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന പറയാമോ ;

(ബി) മേൽപറഞ്ഞ ഫയലിൽ നടപടി സ്വീകരിക്കാതെ ഏതെങ്കിലും ഉദ്യോഗസ്ഥൻ കാലതാമസം വരുത്തിയെങ്കിൽ, പ്രസ്തുത ഉദ്യോഗസ്ഥന്റെ പേരുവിവരം വെളിപ്പെടുത്തുമോ; കാലതാമസത്തിന്റെയും അതിന്റെ കാരണത്താൽ നിർമ്മാണം മുടങ്ങുകയും അഥവാ നടന്നാൽ തന്നെ കൂടുതൽ സാമ്പത്തിക ചെലവ് സർക്കാരിന് ഉണ്ടാവുകയും ചെയ്താൽ ഈ ഉദ്യോഗസ്ഥനെതിരെ ശിക്ഷണ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ചീഫ് എഞ്ചിനീയറുടെ 18-3-2014-ലെ കത്ത് ധനകാര്യ വകുപ്പിൽ ലഭിച്ചത് 27-3-2014-ലാണ്. ആസ്തി വികസന പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളടങ്ങുന്ന സർക്കാർ ഉത്തരവ് 11-6-2012-ലെ G.O(P) 332/2012/ധന പ്രകാരമാണ് പുറപ്പെടുവിച്ചിട്ടുള്ളത്. ടി മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി താമസംവിനാ നടപടികൾ സ്വീകരിക്കുന്നുണ്ട്. ചേർത്തല മുഹമ്മയിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മിക്കുന്നതിന് H&FWD ഭരണാനുമതി പുറപ്പെടുവിച്ച് PWD ബിൽഡിംഗ്സ് വഴി നടപ്പിലാക്കുന്നതിനുപകരം അക്രഡിറ്റഡ് ഏജൻസിയായ നിർമ്മിതി കേന്ദ്രത്തെയാണ് ചുമതല ഏൽപ്പിച്ചത്. അക്രഡിറ്റഡ് ഏജൻസികൾ വഴി നടപ്പിലാക്കുന്ന പ്രവൃത്തികളുടെ എഗ്രിമെന്റ് വയ്ക്കുന്നതിനും സ്ഥലം കൈമാറുന്നതിനും തുക ഡെപ്പോസിറ്റ് ചെയ്യുന്നതിനുമുള്ള സാങ്കേതിക തടസ്സം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, ഡെപ്പോസിറ്റ് വർക്കുകൾക്കുള്ള നടപടിക്രമങ്ങളെ സംബന്ധിച്ച് വ്യക്തത നൽകി 3-6-2014-ൽ 54/2014/ധന നമ്പർ സർക്കുലർ പുറപ്പെടുവിക്കുകയുണ്ടായി. ഈ സർക്കുലർ പൊതുമരാമത്ത് ചീഫ് എഞ്ചിനീയർക്കും അയച്ചുകൊടുത്തിട്ടുണ്ട്. എന്നാൽ ബിൽ തുക അഡ്വാൻസായി പിൻവലിക്കാൻ സാധിക്കാത്തതുകാരണം അക്രഡിറ്റഡ് ഏജൻസികൾ ചെയ്ത പ്രവൃത്തികളുടെ തുക ഡെപ്പോസിറ്റ് ചെയ്യാനുള്ള നിർദ്ദേശം നടപ്പിലാക്കാൻ കഴിയില്ലെന്ന് ചീഫ് എഞ്ചിനീയർ വീണ്ടും 16-8-2014-ലെ കത്ത് മുഖാന്തരം അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ജി.ഒ (പി)304/2014/ധന തീയതി 21-7-2014 ഉത്തരവ് പ്രകാരം അക്രഡിറ്റഡ് ഏജൻസികൾ ചെയ്യുന്ന പ്രവൃത്തികൾക്കുള്ള ബില്ലിനും സീനിയോറിറ്റി പ്രകാരം പേമെന്റ് നൽകുന്നതിന് ഭരണ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനെ തുടർന്ന് അക്രഡിറ്റഡ് ഏജൻസികൾ പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടതിന്റെ വെളിച്ചത്തിൽ, അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം) ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർ മാരുമായി 19-11-2014-ൽ യോഗം ചേരുകയും യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആസ്തി വികസന പദ്ധതിയിലെ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ/വ്യവസ്ഥകൾ സംബന്ധിച്ച് കൂടുതൽ വ്യക്തത വരുത്തി സർക്കാർ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. ടി യോഗത്തിന്റെ മിനിറ്റ്സ് ചീഫ് എഞ്ചിനീയർക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

(ബി) ടി മറുപടിയുടെ വെളിച്ചത്തിൽ ചീഫ് എഞ്ചിനീയറുടെ കത്തിന്മേൽ നടപടി സ്വീകരിക്കുന്നതിൽ ഒരു ഉദ്യോഗസ്ഥനും വ്യക്തിപരമായ വീഴ്ചവരുത്തിയിട്ടില്ല. ആസ്തി വികസന ഫണ്ടിനുകീഴിൽ എം.എൽ.എ.-മാർ നിർദ്ദേശിക്കുന്ന പ്രവൃത്തികൾ ധനവകുപ്പിന്റെ 28-12-2012-ലെ 73/2012/ധന സർക്കുലർ അനുശാസിക്കുംവിധം സമയബന്ധിതമായി പൂർത്തിയാക്കി ധനകാര്യാനുമതി നൽകുന്നതിന് പ്രത്യേക ശ്രദ്ധ നൽകാറുണ്ട്. ഇക്കാര്യത്തിൽ തുടർന്നും കൂടുതൽ ശ്രദ്ധ ചെലുത്തുന്നതാണ്.